**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3764** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾക്ക് പൂർണ്ണമായും വാക്സിനേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി കോളനികളിൽ കോവിഡ് പ്രതിരോധ വാക്സിനേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ പൂർണ്ണമായും വാക്സിനേഷൻ നൽകിയ പട്ടികജാതി കോളനികൾ ഇല്ല. കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിലായി 32 പട്ടികവർഗ്ഗ കോളനികളിൽ പൂർണ്ണമായും വാക്സിനേഷൻ നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും 18 വയസിനു മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും വാക്സിനേഷൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് വാക്സിൻ രജിസ്ട്രേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | വാക്സിൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പ്രൊമോട്ടർമാർ വഴി പട്ടികജാതി സങ്കേതങ്ങളിലും, നവ മാധ്യമങ്ങൾ വഴി പട്ടികജാതി വിഭാഗങ്ങൾക്കിടയിലും പ്രചാരണം നൽകുന്നതിനും, അവ കൃത്യമായി പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പ്രൊമോട്ടർമാർ/പട്ടികജാതി വികസന ആഫീസർമാർ/ജില്ലാ പട്ടികജാതി വികസന ആഫീസർ, സ്പെഷ്യൽ ഡ്രൈവ് നടത്തി ടിയാളുകളെ വാക്സിനേഷൻ കേന്ദ്രങ്ങളിലേക്ക് മൊബിലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.റ്റി പ്രമോട്ടർമാർ, പഞ്ചായത്ത് തല ജാഗ്രതാ പോർട്ടൽ സമിതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായ കേന്ദ്രങ്ങൾ എന്നിവ മുഖേന വാക്സിനേഷൻ രജിസ്ട്രേഷൻ നടത്തി വരുന്നു. പട്ടികവർഗ്ഗ മേഖലകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും സ്പോട്ട് രജിസ്ട്രേഷൻ നടത്തുകയും ചെയ്തു വരുന്നുണ്ട്. വാക്സിനേഷൻ ക്യാമ്പുകളിലേയ്ക്കുള്ള വാഹനസൗകര്യങ്ങളും വകുപ്പ് മുഖേന ലഭ്യമാക്കി നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളനികൾക്ക് വാക്സിനേഷൻ നൽകുന്നതു സംബന്ധിച്ച് പ്രമോട്ടർമാർക്കും ആശാവർക്കർമാർക്കും എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അർഹരായ മുഴുവൻ പേർക്കും വാക്സിൻ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അവർക്ക് ആവശ്യമായ ബോധവൽക്കരണം നൽകി വാക്സിനേഷൻ ക്യാമ്പുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും വാക്സിൻ രജിസ്ട്രേഷന് ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകുന്നതിനും പ്രമോട്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കോളനികളിലും സമയബന്ധിതമായി എത്തി ചേർന്ന് ആരോഗ്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിലുള്ള പട്ടികവർഗ്ഗക്കാരെ വാക്സിനേഷൻ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെന്ററുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വാഹനത്തിൽ എത്തിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ